**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** **06-12-2022 - ൽ മറുപടിയ്ക്ക്**

**പുനർജ്ജനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായുള്ള പുനർജ്ജനി പദ്ധതി മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പുനർജ്ജനി പദ്ധതി.<br><br>ഈ സ്കീം പ്രകാരം , അംഗീകരിക്കുന്ന പ്രോജക്ടുകളുടെ ആകെ ചിലവിന്റെ 85 ശതമാനം തുക സർക്കാർ ധനസഹായമായി (സബ്സിഡി 50 ശതമാനവും ഓഹരി 35 ശതമാനവും ) നല്കുന്നതാണ്. 15 ശതമാനം ഗുണഭോക്താവായ സംഘം സ്വന്തം വിഹിതമായി ചെലവഴിക്കേണ്ടതാണ്. സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ സാധ്യത പഠിച്ച് ബന്ധപ്പെട്ട ജില്ലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി./എസ്.റ്റി.) സമർപ്പിക്കുന്ന ശുപാർശ വിദഗ്ധരടങ്ങുന്ന സ്ക്രൂട്ടിനൈസിംഗ് കമ്മിറ്റി പരിശോധിച്ചാണ് പ്രോജക്ടുകൾക്ക് അനുമതി നൽകുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര സംഘങ്ങൾക്ക് ലഭ്യമാകുന്നുവെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് അർഹതയുള്ള പട്ടികജാതി / പട്ടികവർഗ്ഗ സംഘങ്ങൾക്ക് ഒരു തവണ ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതാണ്. നടപ്പു വർഷം 30 സംഘങ്ങളെയാണ് ഈ പദ്ധതിയിൽ പരിഗണിച്ചിട്ടുള്ളത്. ആയതിൽ ഇതുവരെ 23 സംഘങ്ങളുടെ പ്രോജക്ടുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പട്ടികജാതി / പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ പദ്ധതികൾക്കായി നടപ്പു വർഷം വകയിരുത്തിയിട്ടുള്ള 1400 ലക്ഷം രൂപയിൽ നിന്നും പുനർജ്ജനി പദ്ധതി പ്രകാരമുള്ള ധനസഹായവും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ